# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2273 — 17.02.2016 ൽ മറുപടിക്ക്

## തിരുവനന്തപുരം മൃഗശാല

ചോദ്യം

ശ്രീ. പി.തിലോത്തമൻ :

ഉത്തരം

ശ്രീമതി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിലെ പ്രതിവർഷ വരുമാനവും ചെലവും എത്രയാണെന്ന് അറിയിക്കുമോ ; | (എ) | തിരുവനന്തപുരം മൃഗശാലയിലെ പ്രതിവർഷ വരുമാനവും, തരം തിരിച്ചുള്ള ചെലവു വിവരവും അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ കാലയളവിൽ പ്രസ്തുത മൃഗശാലയിൽ പുതുതായി കൊണ്ടുവന്ന മൃഗങ്ങളും പക്ഷികളും ഏതെല്ലാമാണെന്നും സന്ദർശകർക്ക് പുതുതായി ഒരുക്കിയ സൗകര്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ; | (ബി) | വെള്ളകൃഷ്ണമൃഗങ്ങൾ, വെള്ളക്കടുവകൾ, കേഴമാനുകൾ, ഇന്ത്യൻ കാട്ടുപോത്തുകൾ, നീലക്കാളകൾ, കാട്ടുകോഴികൾ, വൈറ്റ് ഐബിസുകൾ, പെയിന്റഡ് സ്റ്റോർക്കുകൾ, കോമൺ മർമോസൈറ്റുകൾ, ബാരാസിംഗകൾ, റോസ് പെലിക്കൺ, മുള്ളൻ പന്നി, വാത്തകൾ, റീസസ് കുരങ്ങ്, കരിങ്കുരങ്ങ്, മലയണ്ണാനുകൾ, ഹിമാലയൻ കഴുകൻ, അനാകോണ്ടകൾ എന്നിവയാണ് ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി കൊണ്ടുവന്ന പക്ഷികളും മൃഗങ്ങളും. ഈ സർക്കാരിന്റെ കാലയളവിൽ സന്ദർശകർക്ക് പുതുതായി ഒരുക്കിയ സൗകര്യങ്ങൾ താഴെ ചേർക്കുന്നു.<br>1. എൽ.ഇ.ഡി. സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചു.<br>2. കുട്ടികൾക്കായി ആക്ടിവിറ്റി സെന്റർ<br>3. സന്ദർശകർക്ക് മൃഗശാലാ സന്ദർശനത്തിന് ബാറ്ററി വാഹനം വാങ്ങി<br>4. ലൈബ്രറി നവീകരണം<br>5. നാച്ചറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ പ്രവേശന ഗ്യാലറിയുടെ നവീകരണം<br>6. കുട്ടികളുടെ പാർക്കിന്റെ നവീകരണം<br>7. മൃഗശാലയിൽ ഫ്ളോട്ടിംഗ് ഫൗണ്ടൻ<br>8. മ്യൂസിയത്തിന് ചുറ്റും ഉള്ള പൂന്തോട്ടം മോടിപിടിപ്പിച്ചു<br>9. സന്ദർശകർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തി<br>10. മ്യൂസിയം മൃഗശാലാ സമുച്ചയത്തിൽ ട്രാൻസ്ഫോമർ സ്ഥാപിച്ചു<br>11. റീ-സൈക്ലിംഗ് പ്ലാന്റ്<br>12. പക്ഷിമൃഗാദികളെ കൈമാറ്റ വ്യവസ്ഥയിൽ എത്തിച്ചു |

| | | | |
|---|---|---|---|
| | | | 13. പുതിയ പരിബന്ധനങ്ങൾ സ്ഥാപിച്ചു, (മലയണ്ണാൻ, കേഴമാൻ, കുറുക്കൻ, കഴുതപ്പുലി, നീലക്കാള, അനാക്കോണ്ട)<br>14. മ്യൂസിയത്തിലെ നടപ്പാത നവീകരിച്ചു<br>15. ഓട്ടോമാറ്റിക് ടിക്കറ്റ് കിയോസ്ക്<br>16. സർവയലൻസ് ക്യാമറകൾ സ്ഥാപിച്ചു<br>17. തിരുവനന്തപുരം മൃഗശാലക്ക് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി<br>18. വയർലസ് വാക്കിടോക്കികൾ വാങ്ങി<br>19. 3 ഡി തിയേറ്റർ സ്ഥാപിച്ചു. |
| (സി) | ഈ സർക്കാർ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയാണ് ; വ്യക്തമാക്കാമോ ; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ നവീകരണത്തിന്റെ ഭാഗമായി ചെലവഴിച്ച തുക വർഷം തരിച്ച് ചുവടെ ചേർക്കുന്നു.<br>2011-12 - 7,75,00,000<br>2012-13 - 10,57,94,227<br>2013-14 - 11,75,84,846<br>2014-15 - 10,07,48,805<br>2015-16 - 7,97,47,223 |
| (ഡി) | നവീകരണ പ്രവർത്തനങ്ങൾ ഒട്ടേറെ നടക്കുമ്പോഴും സന്ദർശകരെ ആകർഷിക്കാനും അവർക്ക് കൂടുതൽ സൗകര്യങ്ങളുണ്ടാക്കാനും മൃഗശാലയിലെ ജീവജാലങ്ങളെ നന്നായി സംരക്ഷിക്കാനും വേണ്ട സൗകര്യങ്ങൾ ഒരുക്കാത്തതായി ആക്ഷേപം ഉന്നയിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; | (ഡി) | ഇത്തരത്തിൽ ഒരു ആക്ഷേപവും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലയളിൽ ഒട്ടേറെ നവീകരണപ്രവർത്തനങ്ങൾ സന്ദർശകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജീവികളെ നന്നായി സംരക്ഷിക്കുന്നതിനും ഏർപ്പാടാക്കിയിട്ടുണ്ട്. |
| (ഇ) | നവീകരണ പ്രവർത്തനങ്ങളുടെ പേരിൽ തിരുവനന്തപുരം മൃഗശാലാ വളപ്പിൽ നിന്നും മുറിച്ചു മാറ്റപ്പെട്ട മരങ്ങൾ എത്രയാണെന്നും അതിന്റെ മതിപ്പുവിലയെത്രയാണെന്നും അറിയിക്കുമോ ; | (ഇ) | നവീകരണ പ്രവർത്തനങ്ങളുടെ പേരിൽ മരങ്ങൾ മുറിച്ച് മാറ്റപ്പെട്ടിട്ടില്ല. |
| (എഫ്) | ഈ സർക്കാർ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിലെ ജീവനക്കാരുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിൽ എത്രയെന്നും കുറഞ്ഞിട്ടുണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ ? | (എഫ്) | ഈ സർക്കാരിന്റെ കാലയളവിൽ ഒരു ബയോളജിസ്ററിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുകളോ കുറവുകളോ ഉണ്ടായിട്ടില്ല. |

Saradadevi

സെക്ഷൻ ഓഫീസർ

അനുബന്ധം-

| തിരുവനന്തപുരം മൃഗശാലയിലെ പ്രതിശീർഷ വരുമാനം. | | പദ്ധതി വിഹിത ചെലവ് | | പദ്ധതിയേതര ചെലവ്. | |
|---|---|---|---|---|---|
| വർഷം | തുക | വർഷം | തുക | വർഷം | തുക |
| 2011-12 | 1,74,64,591 | 2011-12 | 7,75,00.000 | 2011-12 | 93227 |
| 2012-13 | 2,07,30,261 | 2012-13 | 10,57,94227 | 2012-13 | 11678 |
| 2013-14 | 3,46,64,141 | 2013-14 | 11,75,84846 | 2013-14 | 111556 |
| 2014-15 | 4,43,42,645 | 2014-15 | 10,07,48805 | 2014-15 | 12334 |
| 2015-16 (UP to 31/1/2016) | 3,89,36,825 | 2015-16 | 7,97,47223 | 2015-16 | 6899 |

Saradadevi
സെക്ഷൻ ഓഫീസർ